# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3624 — 23.08.2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വഴിയുള്ള നിക്ഷേപം മുഖേന അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി എന്നു മുതൽ ആരംഭിക്കാനാണ് തീരുമാനമെടുത്തിരുന്നത് എന്ന് അറിയിക്കുമോ; | (എ) & (ബി) | 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിനായി കിഫ്ബി കെ.എസ്.എഫ്.ഇ യുമായി ചേർന്ന് കെ.എസ്.എഫ്.ഇ – എൻ ആർ. ഐ ഓൺലൈൻ ചിട്ടി ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്ന് വരുന്നു. പദ്ധതി രൂപീകരണം പൂർത്തിയായാൽ മാത്രമേ ആരംഭ തീയതി നിശ്ചയിക്കാനാവൂ. കിഫ്ബി മുഖേനയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രസ്തുത ചിട്ടി വഴിയുള്ള നിക്ഷേപം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ആദ്യഘട്ട ചെലവുകൾക്കാവശ്യമായി വരുന്ന തുക ഇതിനകം 10% മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം സെസ് എന്നിവ വഴി കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ 565 കോടി രൂപയുടെ നിഡ (NIDA) ലോൺ ലഭ്യമാക്കാൻ തീരുമാനമായിട്ടുണ്ട്. മേൽ പറഞ്ഞ മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കൽ സാദ്ധ്യമായതിനാൽ കിഫ്ബിയുമായി സഹകരിച്ച് കൊണ്ടുള്ള കെ.എസ്.എഫ്.ഇ - എൻ. ആർ. ഐ ചിട്ടി ഇതുവരെ ആരംഭിക്കാത്തത് കിഫ്ബി |
| (ബി) | ഈ ചിട്ടി വഴിയുള്ള നിക്ഷേപം കിഫ്ബി മുഖേനയുള്ള അടിസ്ഥാന സൗകര്യത്തിന് ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ ഇത് ഇനിയും ആരംഭിക്കാത്തത് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ നിന്നും പ്രതീക്ഷിച്ച നിക്ഷേപത്തിലെ കുറവ് ഏത് രീതിയിലാണ് നികത്താൻ കഴിഞ്ഞിട്ടുള്ളത്? | | |

| | | | |
|---|---|---|---|
| | | | പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കിഫ്ബി വഴി ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ള പ്രവർത്തികളുടെ ആദ്യഘട്ടം പണം നൽകുന്നതിന് കിഫ്ബി ഇപ്പോൾ തന്നെ പ്രാപ്തമാണ്. |

**സെക്ഷൻ ഓഫീസർ.**